| | |
|---|---|
| **Date**: 27.09.2021 | **Publication**: Malayala Manorama |
| **Page No**: 05 | **Edition**: Kochi |
| **Headline**: Health Insurance Portability | |

# ആരോഗ്യ ഇൻഷുറൻസ് പോർട്ടബിലിറ്റി

ഒരു ഇൻഷുറൻസ് കമ്പനിയിൽനിന്നെടുത്ത ആരോഗ്യഇൻഷുറൻസ് പോളിസി, അതിലെ ആനുകൂല്യങ്ങൾ നഷ്ടപ്പെടാതെ മറ്റൊരു കമ്പനിയിലേക്കു മാറ്റാനുള്ള സൗകര്യമാണ് ഹെൽത് ഇൻഷുറൻസ് പോർട്ടബിലിറ്റി. ഇൻഷുറർ (ഇൻഷുറൻസ് കമ്പനി) നൽകുന്ന സേവനങ്ങളിൽ തൃപ്തരല്ലെങ്കിൽ, ക്യുമുലേറ്റിവ് ബോണസും സമയാധിഷ്ഠിത ആനുകൂല്യങ്ങളും നഷ്ടപ്പെടാതെ തന്നെ മറ്റൊരു ഇൻഷുററിലേക്കുമാറാം.



■ **എന്താണ് നടപടി ക്രമങ്ങൾ?**

പോളിസി പുതുക്കൽ തീയതിക്ക് 45 ദിവസം മുൻപ് നിങ്ങൾ പോളിസി പോർട്ട് ചെയ്യണം. പോളിസി പോർട്ട് ചെയ്യുന്നതിന്, പോർട്ടബിലിറ്റി ഫോമിനോടൊപ്പം ഒരു പുതിയ പ്രൊപ്പോസൽ ഫോം കൂടി സമർപ്പിക്കണം. നിങ്ങളുടെ പോർട്ടബിലിറ്റി അപേക്ഷ പുതിയ ഇൻഷുറർക്ക് ലഭിച്ചു കഴിഞ്ഞാൽ, നിങ്ങളുടെ ആരോഗ്യ, ക്ലെയിം ചരിത്രം അറിയാൻ അവർ ഇപ്പോഴുള്ള ഇൻഷുററെ സമീപിക്കും. പുതിയ ഇൻഷുറർക്ക് അപേക്ഷ അംഗീകരിക്കുകയോ നിയന്ത്രിത പരിരക്ഷ നിർദേശിക്കുകയോ അവരുടെ അണ്ടർ റൈറ്റിങ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കുകയോ ചെയ്യാം.

■ **ആരോഗ്യ പരിരക്ഷ പോർട്ട് ചെയ്യുമ്പോൾ ഓർത്തിരിക്കേണ്ട ചില കാര്യങ്ങൾ:**

ഇൻഷുർ ചെയ്തിട്ടുള്ള തുക: ഇൻഷുർ ചെയ്തിരുന്ന തുക വർധിപ്പിക്കാൻ നിങ്ങൾ തീരുമാനിച്ചിട്ടുണ്ടെങ്കിൽ, ആദ്യം ഇൻഷുർ ചെയ്തിരുന്ന തുകയിൽ മാത്രമേ കാത്തിരിപ്പു സമയ ആനുകൂല്യം ബാധകമാകൂ. ഉദാഹരണത്തിന്, നിങ്ങൾ ഇൻഷുർ ചെയ്തിരുന്നത് 5 ലക്ഷം രൂപയ്ക്കാണെന്നു കരുതുക. പോർട്ട് ചെയ്യുമ്പോൾ അത് 7 ലക്ഷമായി ഉയർത്താൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ, പോർട്ടബിൾ ഇൻഷുറൻസ് തുക 5 ലക്ഷം രൂപയാണ്. ബാക്കി 2 ലക്ഷത്തിന് പുതിയ കാത്തിരിപ്പു കാലയളവ് അനുഭവിക്കേണ്ടിവരും.

**എന്തൊക്കെ രേഖകൾ?**

- പ്രൊപ്പോസൽ ഫോം
- പോർട്ടബിലിറ്റി ഫോം
- തിരിച്ചറിയൽ രേഖ
- മേൽവിലാസത്തിന്റെ തെളിവ്
- ക്ലെയിമുകളുടെ ചരിത്രം
- മെഡിക്കൽ ചരിത്രം

പരിരക്ഷയിലുള്ള നിയന്ത്രണങ്ങൾ: പോളിസിയുടെ നിയമനിബന്ധനകൾ ശ്രദ്ധാപൂർവം വായിച്ച് പരിരക്ഷയിലുള്ള നിയന്ത്രണങ്ങൾ ഉണ്ടെങ്കിൽ അവ എന്തൊക്കെയെന്നു മനസ്സിലാക്കുക. പരിരക്ഷയിൽ വളരെയധികം നിയന്ത്രണങ്ങൾ ഏർപ്പെടുത്താത്ത പോളിസി തിരഞ്ഞെടുക്കുക. പല ആളുകളും ഇൻഷുറേഴ്സിനെ പോർട്ട് ചെയ്യുവാൻ കാരണം രണ്ടാമത്തെ ഇൻഷുറർ കുറഞ്ഞ പ്രീമിയം വാഗ്ദാനം ചെയ്യുന്നത് കൊണ്ടാണ്, എന്നാൽ ഈ കുറഞ്ഞ പ്രീമിയത്തിനു പകരം പരിരക്ഷയിൽ അവർ പല നിയന്ത്രണങ്ങളും ഏർപ്പെടുത്തും. പുതിയ ഇൻഷുറർ നൽകുന്ന പരിരക്ഷ മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. ഇൻഷുറർ പരിമിതപ്പെടുത്തിയ പരിധികളും ഉപ-പരിധികളും വ്യക്തമായി മനസ്സിലാക്കുക. ക്ലെയിമുകളുടെ സമയത്ത് ആശയക്കുഴപ്പം ഒഴിവാക്കാൻ ഇത് സഹായിക്കും.

ഓരോ പോളിസിക്കും ചില പ്രത്യേക സവിശേഷതകൾ ഉണ്ട്. നിങ്ങൾ ഉപേക്ഷിച്ചുപോകുന്ന പോളിസിയുടെ സവിശേഷത എന്തെന്നും എന്ത് അധിക ആനുകൂല്യങ്ങളാണ് പുതിയ കമ്പനിയിൽനിന്ന് നേടുന്നതെന്നും അറിയാൻ രണ്ട് പോളിസികളുടെയും സവിശേഷതകളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാകണം.

• ടി.എ.രാമലിംഗം
(ചീഫ് ടെക്നിക്കൽ ഓഫിസർ, ബജാജ് അലയൻസ് ജനറൽ ഇൻഷുറൻസ്. അഭിപ്രായം വ്യക്തിപരം).